നമ്പർ എ4-5839/2017 തിയ്യതി 19/12/2023

ബഹു: മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള നവകേരളസദസ്സ് മുമ്പാകെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് ശ്രീ സി.വി അബ്ദുറഹിമാൻ, സി.വി ഹൌസ് ചെറുവണ്ണൂർ എന്നവര് സമർപ്പിച്ച പരാതിയിൻമേല് ചെറുവണ്ണൂര് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന റിപ്പോർട്ട്.

ചെറുവണ്ണൂര് ഗ്രാമപഞ്ചായത്തിലെ ശ്രീ സി.വി അബ്ദുറഹിമാൻ , എന്നവർക്ക് പെർമിറ്റ് നം BL 2144/2015-16 തിയ്യതി 24/7/2015 പ്രകാരം 193.06ച.മീ നിലവിലുള്ള കെട്ടിടത്തിന്റെ മുകളില് 189.37 ച.മീ തറവിസ്തീർണമുള്ള കെട്ടിടത്തിന് നിർമാണ അനുമതി അനുവദിച്ചിരുന്നു. 13/9/2017ന് പ്രസ്തുത ഒക്യുപെൻസിയ്ക്ക് അപേക്ഷിച്ചപ്പോള് നിർമാണം നടത്തിയ സ്ഥലം നഞ്ച ഭൂമി ആയതിനാൽ ഭൂമിയുടെ തരം മാറ്റി ലഭ്യമാക്കുന്നതിന് ഈ ഓഫീസില് നിന്നും ടിയാനെ അറിയിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം വടകര RDOയുടെ 22/3/2022ലെ RDOVDK/2640/2021-G2 ഉത്തരവ് പ്രകാരം 9.75 ആര് ഭൂമി സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടം എന്ന് തരം മാറ്റി ഉത്തരവായിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തില് കെട്ടിടത്തിന് ഒക്യുപെൻസി അനുവദിക്കുന്നതിനായി LSGD Overseer സൈറ്റ് പരിശോധനയ നടത്തുകയും പണി പൂർത്തീകരി ച്ചിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തില് നിർമാണം പൂർത്തീകരിച്ച് അറിയിക്കുന്നതിന് ടിയാന് അറിയിപ്പ് നൽകുകയും ചെയ്തു. ആയത് പ്രകാരം പണി പൂർത്തീകരിച്ചതായി ടിയാന് 12/6/2022ന് അറിയിച്ചതിനാൽ വീണ്ടും LSGD Overseer സൈറ്റ് പരിശോധന നടത്തുകയും ചുവടെ പറയുന്ന ന്യൂനതകള് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

1) ലഭ്യമാക്കിയ കംപ്ലീഷൻ പ്ലാനിലെ Open Space അളവുകളും സൈറ്റിലെ അളവുകളും തമ്മിൽ യോജിക്കുന്നില്ല. സൈറ്റിലെ Open Space അളവുകള് രേഖപ്പെടുത്തിയ കംപ്ലീഷൻ പ്ലാന് ലഭ്യമാക്കിയിട്ടില്ല.( റൂൾ 27 (കെ.പി.ബി.ആർ 2011)

2)റൂൾ 28(10) (കെ.പി.ബി.ആർ 2011) പ്രകാരം മുകളിലെ നിലയിലേക്കുള്ള പ്രവേശന മാർഗം 1.20 മീറ്റര് ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ സൈറ്റില് 0.98 മീ മാത്രമേ ലഭ്യമാകുന്നുള്ളൂ.

3) റൂൾ 102( കെ.പി.ബി.ആർ 2011) പ്രകാരം മഴവെള്ള സംഭരണ സംവിധാനം സൈറ്റിൽ നടത്തിയിട്ടില്ല.

4) ശുചീകരണ സൌകര്യങ്ങൾ, ബാത്റൂം, മൂത്രപ്പുരകൾ, വാഷ് ബേസിന് എന്നിവ പൂർത്തീകരിച്ചിട്ടില്ല.

5)റൂൾ 38 പ്രകാരമുള്ള പാർക്കിംഗ് സ്ഥലം നിലവില് കംപ്ലീഷൻപ്ലാനില് കാണിച്ചത് സൈറ്റിൽ ലഭ്യമാകുന്നില്ല.

6)സ്കൂട്ടർ പാർക്കിംഗ് ഏരിയ പ്ലാനില് കാണിച്ചിട്ടില്ല.

7)Access Width കംപ്ലീഷൻ പ്ലാനില് കാണിച്ചിട്ടില്ല

8) RWHS സംവിധാനം കംപ്ലീഷൻ പ്ലാനില് കാണിച്ചിട്ടില്ല

9)റോഡിന് സ്ഥലം വിട്ട് കൊടുത്തത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

10)കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 220 (ബി) പാലിക്കുന്നില്ല.

11)അനുവദിച്ച പെർമിറ്റില് നിന്നും വ്യതിചലിച്ചാണ് നിർമാണം നടത്തിയിരിക്കുന്നത് . നിർമാണം നടത്തിയത് പ്രകാരമുള്ള പ്ലാന് ലഭ്യമാക്കിയിട്ടുമില്ല.

മേല് വിവരങ്ങള് 12/6/2023ന് ഈ ഓഫീസിൽ നിന്നും പ്രസ്തുത അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് പരിഹരിച്ച് ലഭ്യമാക്കിയിട്ടില്ല . എന്നീ വിവരങ്ങൾ ബോധിപ്പിക്കുന്നു.

സെക്രട്ടറി/സെക്രട്ടറി
ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്
ചെറുവണ്ണൂർ പി.ഒ. 673524
ഫോൺ - 0496 - 2775320

ചെറുവണ്ണൂര് ഗ്രാമ പഞ്ചായത്ത്

24/5/2023ന്